"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.252/2026/LSGD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1772/2012/ത.സ്വ.ഭ.വ, തീയതി 27/06/2012
2. സ.ഉ.(സാധാ)നം.722/2020/ത.സ്വ.ഭ.വ, തീയതി 31/03/2020
3. സ.ഉ.(സാധാ)നം.265/2021/ത.സ്വ.ഭ.വ, തീയതി 1/02/202
4. സ.ഉ(സാധാ)നം.2518/2022/ത.സ്വ.ഭ.വ, തീയതി 18/10/2022
5. സ.ഉ.(സാധാ)നം.247/2024/ത.സ്വ.ഭ.വ, തീയതി 30/01/2024
6. സ.ഉ.(സാധാ)നം.2399/2025/ത.സ്വ.ഭ.വ,തീയതി 03/10/2025
7. കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി (സി.ഐ.ടി.യു) യുടെ 16/12/2025 തീയതിയിലെ നിവേദനം

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതികസഹായം നൽകുന്നതിന് ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വീതം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി

നൽകിയിരുന്നു. ഇപ്രകാരം നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി പരാമർശം (2), (3), (4), (5), സർക്കാർ ഉത്തരവുകൾ പ്രകാരം തുടർന്നും ഓരോ വർഷം വീതം ദീർഘിപ്പിച്ച് നൽകിയിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി പരാമർശം (6) പ്രകാരം 2026 ജനുവരി വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. 2026 ജനുവരിയിൽ ഇവരുടെ കരാർ കാലാവധി അവസാനിക്കുന്നതിനാൽ കരാർ കാലാവധി വീണ്ടും ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (7) പ്രകാരം കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്സ് ഓർഗനൈസേഷൻ (സി.ഐ.ടി.യു) സംസ്ഥാന കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പ് സംയോജനത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിന് നിലവിലെ സ്ഥിതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം അനിവാര്യമാണെന്ന് കാണുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമായതിനാൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, നെറ്റ് വർക്ക് സിസ്റ്റം എന്നിവയുടെ പ്രവർത്തനം, മെയിന്റനൻസ് എന്നിവ കൃത്യമായി നടപ്പിലാക്കുന്നതിനും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പൊതു അവബോധം നൽകുന്നതിനും, സംസ്ഥാനത്ത് K-SMART, ഹരിതമിത്രം 2.0 തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം തുടർന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനിവാര്യമായതിനാൽ ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് ഒരു ദിവസത്തെ ബ്രേക്ക് നൽകിയ ശേഷം ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കരാർ സേവനം തുടർന്നും ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു :

i. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ കൈകാര്യം ചെയ്യുന്ന കമ്പ്യൂട്ടർ, സെർവർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സൂക്ഷിപ്പും, ആയതിന്റെ പരിപാലന ചുമതലയും ഇവരിൽ നിക്ഷിപ്തമാണ്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ശരിയായ രീതിയിൽ പരിപാലിക്കാത്തത് മൂലം ഉണ്ടാകുന്ന ബാദ്ധ്യതകൾ/ ചുമതലകളിൽ വരുത്തുന്ന വീഴ്ചകൾ മൂലമുണ്ടാകുന്ന ബാദ്ധ്യതകൾ എന്നിവ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവരിൽ നിന്നും ഈടാക്കേണ്ടതും ഇത് സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ

ഉൾപ്പെടുത്തേണ്ടതുമാണ്.

ii. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ജോലി ചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം തങ്ങൾക്ക് തൃപ്തികരമല്ലെന്ന് ഔദ്യോഗികമായി സാക്ഷ്യപ്പെടുത്തി അപ്രൈസൽ കമ്മിറ്റിക്ക് സമർപ്പിക്കുന്ന പക്ഷം ഇവരെ പിരിച്ചുവിടുന്ന വിഷയത്തിൽ അപ്രൈസൽ കമ്മിറ്റി ഒരാഴ്ചയ്ക്കകം തീരുമാനിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. അപ്രൈസൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സേവനം അനുഷ്ഠിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരെ പിരിച്ചുവിടുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനമെടുക്കേണ്ടത്.

iii. ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന K-SMART ഇ-ഗവേണൻസ് പ്ളാറ്റ്ഫോമുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സാങ്കേതിക സഹായം നൽകേണ്ട ചുമതല കൂടി നൽകേണ്ടതാണ്.

iv. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ പുതുക്കി നൽകുമ്പോൾ കരാർ വ്യവസ്ഥകളിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള ആവശ്യം ഉന്നയിക്കില്ലെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി(സി.ഐ.ടി.യു)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) , കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള ,തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ(i/c), ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 31-01-2026 17:45:22

പകർപ്പ്: - ബഹു.തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.